

എറണാകുളം മിസ്സം

VOL. I. ആഗസ്റ്റ് ൧൯൨൨. No. XI

വിഷയവിവരം.

	പക്ഷം.
൪ഥാനാപള്ളികൾ	൧൫൨
പട്ടക്കാരുടെ പൊതുധ്യാനം	൧൫൩
എറണാകുളത്തരമനയിൽ ധ്യാനത്തിൽ ചേരേണ്ട ൪. പട്ടക്കാരുടെ പേരുവിവരം	൧൫൪
വിസീത്ത പ്രോഗ്രാം	൧൫൭
സ്ഥല മാറ്റങ്ങൾ	ടി.
എറണാകുളം മിസ്സത്തിലെ വേർപ്പെ്വാർസംഘ്യം	൧൫൯

എറണാകുളം മിസ്സം.

Vol. I. ... ആഗസ്റ്റ് 1922. No. XI.

No. 35.

ദൈവകൃപയാലും
ശ്രീമാന്മുടുത്ത സിംഹാസനത്തിന്റെ മനോജ്ഞണത്താലും
എറണാകുളം വികാരി അപ്പസ്തോലിക്കയാകുന്ന

നാം

കണ്ടത്തിൽ ആഗ്നുസ്

ആരാദ് എന്ന ദിക്കിന്റെ മെത്രാൻ.

നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളിക്കളിലെ ബ. വികാരിമാക്കും, അസിസ്റ്റന്തിമാക്കും, ശേഷം പട്ടക്കാക്കും, കൊവേന്തകളുടെ ബ. ശ്രേഷ്ഠന്മാക്കും, മറു സന്യാസാന്തസ്സുകാക്കും, വിശ്വാസികൾ എല്ലാവക്കും നമ്മുടെകർത്താവീശോ മ്ശിഹായിൽ സുസ്ഥതയും വാഴ്ചയും.

ബ. സഹോദരന്മാരെ, പ്രിയ മക്കളെ,

വിസ്സ്വും, അതിന്റെ ഇടയനായ മെത്രാനും കൂടി ഒരു കുടുംബമായിരിക്കുന്നു. എന്നാൽ ഈ കുടുംബത്തിന്റെമേൽ, പിതാവിന്റെ നിലയിൽ നമുക്കുണ്ടായിരിക്കേണ്ടുന്ന സൂക്ഷത്തിനും ഇടയന്റെ സ്ഥാനത്തിൽ നമുക്കുണ്ടായിരിക്കേണ്ടുവ നോട്ടത്തിനും ഒരോ ഇടവകകളേയും നാം നോക്കിട്ട് ചിലപ്പോഴെല്ലാം വിസീത്തകഴിച്ചാൽ മാത്രം മതിയെന്നു വിചാരിക്കാൻ പാടില്ലാത്തതാകുന്നു. ശരീരത്തിന്റെ മറു അവയവങ്ങളോട് കൂടി ശിരസ്സ് എപ്പോഴും ഉണ്ടായിരിക്കേണ്ടതുപോലെ അംഗങ്ങളായ പട്ടക്കാരെയും അമ്മേനികളേയും നോക്കി സൂക്ഷിക്കുന്നതിനായി നാം എല്ലാഴ്പോഴും നിങ്ങ

ളോട് കൂടെ ഉണ്ടായിരിക്കേണ്ടതാണ്. നമ്മുടെ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന നിങ്ങൾക്കെല്ലാവക്കുംവേണ്ടി നാം ദിവസേന അപേക്ഷിക്കയും പലപ്പോഴും ദിവ്യപൂജ കാഴ്ചവെക്കുകയും ചെയ്യുവരുന്നതു കൂടാതെ നിങ്ങളുടെ സകല ആവശ്യങ്ങളിലും നിങ്ങളെ സഹായിക്കുന്നതിനു നാം എല്ലായ്പോഴും ഉൽകണ്ഠയോട് കൂടി ഇരിക്കയും ചെയ്യുന്നു. എന്നാൽ നിങ്ങളുടെ ആവശ്യങ്ങളും ആപത്തുകളും അപ്പപ്പോൾ നേരിട്ട് കണ്ട് തക്ക പ്രതിവിധി ചെയ്യുന്നതിനു നമ്മാൽ തന്നെ സാധിക്കാത്തതിനാൽ ഫൊറോനാവികാരിമാക്ക് കൂടുതൽ അധികാരങ്ങൾ കൊടുത്തും, ഇടവകകൾ സന്ദർശിച്ചു വേണ്ടതു ചെയ്യുന്നതിനും നാം അറിഞ്ഞു പ്രവർത്തിക്കുന്നുള്ള കാര്യങ്ങളെപ്പറ്റി ബന്ധിച്ചു നമുക്കു റിപ്പോർട്ട് അയയ്ക്കുന്നതിനും ചുമതലപ്പെടുത്തിയും നാം കല്പനകൾ മുമ്പു തന്നെ അയച്ചിട്ടുണ്ട്; (14-ാം നമ്പ് ഇടയലേഖനം കാണുക). അതനുസരിച്ചു ഫൊറോനാവികാരിമാർ നിശ്ചയിക്കപ്പെട്ട അവധിക്കകം എല്ലാ പള്ളികളേയും സന്ദർശിക്കുന്നതിനും മറ്റും ഓരോ ഡിവിഷനിൽ ഇപ്പോൾ ഉള്ള പള്ളികളുടെ സാഹ്യയും അകലവുംകൊണ്ട് വളരെ പ്രയാസമായി കണ്ടതിനാൽ ഈ ഫൊറോനകളിൽനിന്നു ഏതാനും പള്ളികൾ തിരിച്ചു് കുറെ ഫൊറോനാകൾ കൂടി സ്ഥാപിക്കുന്നതായാൽ മേൽപറഞ്ഞ വിഷമതകൾ മാറുമെന്നു നമുക്കു തോന്നി. ആകയാൽ നമ്മുടെ ആലോചനാസംഘം കൂടി ഈ കാര്യത്തെപ്പറ്റി അവരോട് ആലോചിച്ചതിൽ ചില ഭേദഗതികൾ ചെയ്തു് നാലു ഫൊറോനാകൾകൂടി പുതുതായിസ്ഥാപിച്ചാൽ പ്രസ്തുത കാര്യങ്ങൾക്കു സൌകര്യമുണ്ടാകുമെന്നും അതിനാൽ ഇപ്രകാരം ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെട്ടതനുസരിച്ചു് താഴെ പറയും പ്രകാരം ഈ മിസ്സത്തെ അങ്കമാലി, ആലുക്കഴ, ഇടപ്പള്ളി, കാഞ്ഞൂർ, തുപ്പുണിത്തുറ, പള്ളിപ്പുറം, പറവൂർ, മൈലക്കൊമ്പ്, വൈക്കം, ഇങ്ങനെ ഒൻപതു ഡിവിഷനായി തിരിക്കയും ഈ പള്ളികളെ ഫൊറോനാപ്പള്ളികളായി നിശ്ചയിക്കയും ഇവയുടെ അതാതു സമയത്തെ വികാരിമാരെ ഫൊറോനാവികാരിമാരായി നാം നിയമിക്കയുംചെയ്യുന്നു. ഓരോ ഡിവിഷൻറെയും മേൽനോട്ടം നാം നിശ്ചയിച്ച കല്പിച്ചിട്ടുള്ള പ്രകാരം ചെയ്യുന്നതിനായി ഇതിൽ പുറഞ്ഞിരിക്കുന്ന പ്രത്യേക അധികാരങ്ങളോടും അനുവാദങ്ങളോടുകൂടി അതാതു ഡിവിഷനിലെ ഫൊറോനാവികാരിമാരെ നാം ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

I. അങ്കമാലി ഡിവിഷൻ

൧. അങ്കമാലി, ൨. അകപ്പറമ്പ്, ൩. എള്ളർ, ൪. കറുകുറ്റി,

ങ. കാട്ടുകുറ്റി, ന്യ. കിടങ്ങൂർ, ഏ. കൊരട്ടി, വ്യ. തൊറൂർ, ൻ. മഞ്ഞപ്ര, ഫാ. മൂക്കന്നൂർ, ഫഫ. മൂഴിക്കുളം, ഫവ. മേലൂർ.

II. ആരക്കുഴ ഡിവിഷൻ.

ഫ. ആരക്കുഴ, വ. അരിക്കുഴ, ന. ആയന, ര. കല്ലൂക്കാട്, ങ. കാരക്കുന്നം, ന്യ. കോതമങ്ങലം, ഏ. തോട്ടക്കര, വ്യ. നെടിയശാല, ൻ. നെല്ലിമറ്റം, ഫാ. പെരിങ്ങൊഴ, ഫഫ. പോത്താനിക്കാട്, ഫവ. ബെത്‌ലഹം, ഫന. മാറിക, ഫര. മുവാറ്റുപുഴ, ഫങ. വാഴക്കുളം.

III. ഇടപ്പള്ളി ഡിവിഷൻ.

ഫ. ഇടപ്പള്ളി, വ. എറണാകുളം, ന. ആലുവാ, ര. കിഴക്കമ്പലം, ങ. ചുണങ്ങുംവേലി, ന്യ. ഉണ്ടത്തുംകടവു്, ഏ. പള്ളുരുത്തി, വ്യ. പുത്തൻപള്ളി.

IV. കാഞ്ഞൂർ ഡിവിഷൻ.

ഫ. കാഞ്ഞൂർ, വ. എടാട്ടു്, ന. കുറുപ്പുംപടി, ര. കൈപ്പട്ടൂർ, ങ. കൊറമത്തി, ന്യ. ചേരാനല്ലൂർ, ഏ. മൊവ്വര, വ്യ. പുല്ലുവഴി, ൻ. മലയാറ്റൂർ, ഫാ. മറ്റൂർ, ഫഫ. വല്ലം.

V. തുപ്പൂണിത്തുറ ഡിവിഷൻ.

ഫ. തുപ്പൂണിത്തുറ, വ. ആമ്പല്ലൂർ, ന. എടയ്ക്കാട്ടുവയൽ, ര. ഉദിയംപേരൂർ (പഴയ), ങ. ഉദിയംപേരൂർ (പുത്തൻ), ന്യ. കണ്ടനാട്, ഏ. കീഴ്മ്പ്രി, വ്യ. കുമ്പളം, ൻ. കോണൂരുത്തി, ഫാ. തെക്കൻപറൂർ, ഫഫ. പുതിയകാവു്.

VI. പള്ളിപ്പുറം ഡിവിഷൻ

ഫ. പള്ളിപ്പുറം, വ. എഴുപുന്ന, ന. ഒഴുക, ര. കാവിൽ, ങ. കുന്നുംപുറം, ന്യ. കോക്കമംഗലം, ഏ. ചാലി, വ്യ. തെക്കുംഭാഗശേരി, ൻ. പാണാപള്ളി, ഫാ. മുട്ടം.

VII. പറവൂർ ഡിവിഷൻ.

ഫ. പറവൂർ കോട്ടയ്ക്കാവു്, വ. ആലങ്ങാട്ടു്, ന. കടമക്കുടി, ര. കുത്യതോട്ടു് (പഴയ), ങ. കുത്യതോട്ട (പുത്തൻ), ന്യ. കുറിപ്പുഴ, ഏ. കുഴുപ്പിള്ളി, വ്യ. ചക്കരക്കടവു്, ൻ. ചേന്ദമംഗലം, ഫാ. ഞാറയ്ക്കൽ, ഫഫ. തുരുത്തിപ്പുറം, ഫവ. നെടുങ്ങാട്ടു്.

VIII. മൈലക്കൊമ്പു് ഡിവിഷൻ.

ഫ. മൈലക്കൊമ്പു്, വ. അറക്കുളം, ന. കടവൂർ, ര. കരിമണ്ണൂർ, ങ. കലയന്താനി, ന്യ. കല്ലൂർ, ഏ. കല്ലാനിക്കൽ, വ്യ. കോ

ടിക്കളം, ൻ. തെന്നംകുന്ന്, ഫാ. നാഗപ്പുഴ, ഫാ. നെയ്യശ്ശേരി, ഫാ. പൈങ്ങോട്ടൂർ, ഫാ. മുതലക്കോടം.

IX. വൈക്കം ഡിവിഷൻ.

ഫാ. വൈക്കം, ഫാ. കുലശേഖരമംഗലം, ഫാ. കൊടവെച്ചൂർ, ഫാ. കൊതവറ, ഫാ. ചെമ്പ്, ഫാ. തോട്ടകം, ഫാ. വടയാർ, ഫാ. വല്ലകം.

ഫൊറാനാവികാരിമാരെ നാം നിയമിക്കുന്നതു് അവരുടെ കണ്ണുകളിൽ കൂടി എല്ലാം കാണുന്നതിനും അവരുടെ സഹായത്തോടുകൂടെ എല്ലാം ശരിപ്പെടുത്തി നന്നാക്കുന്നതിനും നമുക്കു കഴിവുണ്ടാകുന്നതിനുവേണ്ടിയായിരിക്കുന്നു. ആകയാൽ:

ഫാ. തന്റെ ഡിവിഷനിലുള്ള വൈദികരുടെ അജഗണികളുടെ, ദൈവപ്രമാണങ്ങളും ശ്ലൂ. പള്ളിയുടെ നിയമങ്ങളും ഈ മിസ്സത്തിലെ ഉദ്ദേശ്യങ്ങളും നമ്മുടെ കല്പനകളും ശരിയായി അനുസരിച്ചു നടക്കുന്നതിനു ശ്രദ്ധ വയ്ക്കേണ്ടതു് ഫൊറാനാവികാരിയുടെ മുഖ്യമായ ചുമതലയായിരിക്കുന്നു.

ഫാ. നമ്മുടെ വികാരിയാത്തിലുള്ള ഫൊറാനാവികാരിമാർ അവരവരുടെ അതൃത്തിക്കകത്തുള്ള പള്ളികളെ കൊല്ലത്തിൽ ഒരിക്കൽ സന്ദർശിക്കണം. ഇതിനായി ആണ്ടു കണക്കാക്കേണ്ടതു് ജനുവരി ഫാന്തു മുതൽ ഡിസംബർ നാലാന്തു വരെയാണു്.

ന്മ. സന്ദർശനത്തിൽ ആവശ്യമുള്ള അന്വേഷണങ്ങളും പരിശോധനകളും കഴിക്കുന്നതിനും ചെയ്യേണ്ടതായി കാണുന്നതിനെ അറിയിച്ചു കൊടുത്തു ചെയ്യിക്കുന്നതിനും തെറ്റായി കാണുന്നതിനെ ശരിപ്പെടുത്തിക്കുന്നതിനും ഫൊറാനാവികാരിമാരെ നാം ഇതിനാൽ അധികാരപ്പെടുത്തുകയും കടപ്പെടുത്തുകയും ചെയ്യുന്നു.

ര. ആണ്ടുതോറുമുള്ള സന്ദർശനത്തിനു ദിവസം നിശ്ചയിച്ചു മുൻകൂട്ടി സ്ഥലം വികാരിമാരെ അറിയിക്കേണ്ടതും ഇവർ അതിനുവേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതുമാകുന്നു.

ഗ. ഓരോ പള്ളിയേയും സന്ദർശിച്ചു ശേഷം വിവരമായ റിപ്പോർട്ട് ഒരു മാസത്തിനകം നമ്മുടെ പക്കൽ അയച്ചുതരികയും യാത്രച്ചിലവും മറ്റും അതാതു പള്ളികളിൽനിന്നു വാങ്ങിക്കയും ചെയ്യേണ്ടതാകുന്നു.

ന്മ. തന്റെ ഡിവിഷനിലുള്ള പട്ടക്കാർ തമ്മിലോ, പട്ടക്കാരും ജനങ്ങളും തമ്മിലോ, വഴക്കുകളും ഛിദ്രങ്ങളും ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കയും തൊഴിലാളികളോ വഴക്കുകളോ മറ്റോ ഉണ്ടായാൽ വേഗത്തിൽ അവയെ തീർക്കുന്നതിനു ന്യായമായ വിധത്തിൽ സമാധാനപ്പെടുത്തി കൊടു

ങ്ങൾ നടത്തിക്കൊണ്ടുപോകാനും കഴിയുന്ന ശ്രമങ്ങൾ എല്ലാം ചെയ്യുകയും ഈ സംഗതികളെപ്പറ്റി സൌകര്യംപോലെ നമുക്ക് അറിവുതരികയും വേണം. എന്നാൽ കാര്യങ്ങൾ സാധിക്കാത്തപക്ഷം കഴിയുംവേഗത്തിൽ വിവരം നമ്മെ ബോധിപ്പിക്കേണ്ടതാണ്.

൭. തന്റെ ഡിവിഷനിലുള്ള വല്ലതെങ്കിലും ഒരു പള്ളിയുടെ വികാരി സുഖക്കേടുനിമിത്തം മരണാവസ്ഥയിൽ ആയാൽ ഫൊറാനാവികാരി തന്നെ അവിടെ ചെന്ന അദ്ദേഹത്തെ കണ്ടൊ, അതിനു നിവൃത്തിയില്ലാത്തപക്ഷം അയൽപള്ളികളിലെ വികാരിമാരിൽ ആരെയെങ്കിലുമൊ മറ്റൊ അയച്ചൊ ആത്മരക്ഷയ്ക്കു വേണ്ടതെല്ലാം ദീനക്കാരനു ചെയ്തുകൊടുക്കയും ചൊല്ലിത്തീർക്കാനുള്ളകുമ്പാനകടങ്ങളും പള്ളിയുടെ മുതലുകളും റിക്കാട്ടുകളും സംബന്ധിച്ചും ദീനക്കാരൻ മറ്റുള്ളവർക്കു വല്ലതും കൊടുത്തു തീർക്കാനുണ്ടെങ്കിൽ അവയും മറ്റും സംബന്ധിച്ചും കൂഴപ്പങ്ങൾകിടവരാതിരിപ്പാൻ വേണ്ടവട്ടം കെട്ടുകൾചെയ്കയും വേണം. ഇപ്രകാരം ദീനക്കാരനായിത്തീർന്ന വികാരിക്കു അസിസ്റ്റന്റി ഇല്ലെങ്കിൽ നാം വേറെവിധത്തിൽ നിശ്ചയിക്കുന്നതുവരെ തന്റെ ഡിവിഷനിലുള്ള വല്ലതെങ്കിലും ഒരു പട്ടക്കാരനെക്കൊണ്ട് അത്യാവശ്യമായ പള്ളിക്കാര്യങ്ങൾ വീഴ്ചകൂടാതെ നടത്തിക്കുന്നതിനു തല്ക്കാലം വേണ്ട വിട്ടുപാടുകൾ ചെയ്കയും വിവരം ഉടനെ നമ്മെ ബോധിപ്പിക്കയും വേണം.

൮. ഫൊറാനായുടെ അതൃത്തിക്കകത്തുള്ള പട്ടക്കാർ ദിനസരിയുടെ വിത്തുഡ നിയമങ്ങളനുസരിച്ചു ജീവിക്കുന്നുണ്ടൊ, പ്രത്യേകിച്ച് പള്ളികളിൽ താമസിക്കുക, ദൈവവചനം പ്രസംഗിക്കുക, കുട്ടികളെയും പ്രായപ്പിയായവരെയും വേദോപദേശം പഠിപ്പിക്കുക, രോഗികളെ സഹായിക്കുക മുതലായ വിഷയങ്ങളിൽ നിയമാനുസരണം പ്രവർത്തിച്ചുവരുന്നുണ്ടോയെന്നു അന്വേഷിച്ചറിയേണ്ടതു ഫൊറാനാവികാരിയുടെ കടമയാകുന്നു. ദിവ്യപൂജയിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ശുദ്ധിയിലും ശീലാവഞ്ചനാകിടം, അൾത്താര, പള്ളി, സെമിത്തേരി മുതലായവയുടെ അടിപ്പിലും മറ്റും പട്ടക്കാരൻ ശ്രദ്ധ വേണ്ടവിധം പതിയുന്നുണ്ടൊ, അപ്രകാരം തന്നെ പള്ളിവസ്തുക്കളുടെ ഭരണം, പള്ളിക്കണക്കുകൾ എഴുതിക്കുക, റിക്കാട്ടുകൾ സൂക്ഷിക്കുക മുതലായവയിൽ കൃത്യവും ക്രമവും ഉണ്ടൊ എന്നും അവർ പരിശോധിക്കേണ്ടതാകുന്നു. വിശ്വാസികളുടെ ദൈവഭക്തിയും സന്മാർഗ്ഗനിലയും എത്തിനെ എന്നും ആണ്ടുകമ്പസാരം മുടക്കമുള്ളവരൊ, പ്രസിദ്ധപാപികളൊ, ഉടനെ പരിഹരിക്കേണ്ടതായ പ്രസിദ്ധ ഉതപ്പുകളൊ ഉണ്ടൊ എന്നും അന്വേഷിച്ചറിയണം. സ്കൂളുകൾ ശരിയായി നടത്തുന്നതിലും മാനസാന്തരകാര്യത്തിനും വേണ്ടുന്ന ശ്രദ്ധ പതിയുന്നുണ്ടോയെന്നും മന

സ്സു തിരിഞ്ഞവരുടെ സ്ഥിതി ഏതുപ്രകാരമെന്നും തിരുക്കേണ്ടതാണ്.

൯. ഓരോ പള്ളിയേയും സന്ദർശിച്ച ശേഷം ഇതിലെ അഞ്ചാംവകുപ്പനുസരിച്ചു അയയ്ക്കുന്ന റിപ്പോർട്ടിൽ അതാതിടവകകളിൽ നടത്തിക്കയൊ ചെയ്കയൊ ചെയ്ക സൽപ്രവൃത്തികൾ മാത്രമല്ല, അവിടെ വല്ല ദുഷ്പ്രവൃത്തികളൊ ഉതെപ്പുകളൊമറൊ ഉണ്ടെങ്കിൽ അവയും അവയെ പരിഹരിക്കുന്നതിനു ചെയ്ക ശ്രമങ്ങളും അവയെ ഉൻമൂലനംചെയ്യുന്നതിനു ഇനിയുള്ള മാർഗ്ഗങ്ങളും കൂടി എടുത്തു കാണിക്കേണ്ടതാകുന്നു.

൧൦. നമുക്കു അയയ്ക്കുന്ന റിപ്പോർട്ടിൻറെയും മറ്റും പകർപ്പൊ അതിൻറെ മുഖക്കുറിമെങ്കിലുമൊ ഒരു പുസ്തകത്തിൽ എഴുതി സൂക്ഷിച്ചുകൊള്ളണം. ഈ പുസ്തകം അവിടത്തെ ഫൊറാനാവികാരിയുടെ പക്കൽ ഇരിക്കേണ്ടതാണ്.

൧൧. ഫൊറാനാവികാരിമാർക്കു ഓരോരുത്തർക്കും തങ്ങളുടെ ഡിവിഷനിൽ ചില വിശേഷ അനുവാദങ്ങൾ (usque ad revocationem) നാം കൊടുത്തിരിക്കുന്നു.

ഇവ: 1. സ്വന്ത മെത്രാനിൽനിന്നു കുമ്പസാര അനുവാദമുള്ള അസ്വമിസ്സുക്കാരായ പട്ടക്കാർക്കു സാധാരണയുള്ള കുമ്പസാര അനുവാദം ഉദ്ദിവസത്തേക്കു കൊടുക്കുന്നതിനും,

2. തക്കകാരണത്തെക്കുറിച്ചു കല്യാണത്തിനു ഒരു വിളിച്ചുചൊല്ലൽ കുറച്ചു കൊടുക്കുന്നതിനും,

3. "അച്ചാരക്കല്യാണ"ത്തിൻറെ വിഷ്ണം രീന്നിരിക്കുന്നതായി സാക്ഷിപ്പെടുത്തി കൊടുക്കുന്നതിനും,

4. അന്യമിസ്സത്തിൽ കെട്ടിക്കുന്നതിനു അനുവാദം കൊടുക്കുന്നതിനും, ചാഴിമുതലായതു വിലക്കുന്നതിനു അനുവദിക്കുന്നതിനും.

5. കുർബാന കാണ്മാൻ ജനങ്ങൾക്കു മറുവിധത്തിൽ പാടില്ലാതെയും വേറെ അച്ചന്മാരെ കിട്ടാൻ തരമില്ലാതെയും വരുമ്പോൾ കടമുള്ള ദിവസങ്ങളിൽ രണ്ടു കുർബാന ചൊല്ലുവാൻ (in casu urgenti tantum) അനുവദിക്കുന്നതിനും ആകുന്നു.

എന്നു എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും,

൧൯൨൨ ആഗസ്റ്റ് ൧൰ാംനു.

എറണാകുളം വികാരി അപ്പസ്തോലിക്ക

കണ്ടത്തിൽ ആഗുസ്തീനോസ് മെത്രാൻ.

പട്ടക്കാരുടെ പൊതുധ്യാനം.

No. 36.

നമ്മുടെ അധികാരത്തിൽപെട്ട ബ. പട്ടക്കാർക്ക (Sacerdotibus secularibus) ആശീർവ്വാദം.

പതിവനുസരിച്ച് ബ. പട്ടക്കാരുടെ ധ്യാനം ഈയാണ്ടിൽ, വരുന്ന മാസം (സെപ്തംബർ) ൧൦-൦൩-യും ൧൭-൦൩-യുമായ ഞായറാഴ്ചകളിൽ വൈകുന്നേരം മുതൽ ഇവിടെ അരമനയിൽവച്ചും, ടി. ൧൭-൦൩- വൈകുന്നേരം മുതൽ തന്നെ വാഴക്കുളത്തു പള്ളിയിൽവച്ചും നടത്തുന്നതാണ്. അരമനയിലെ ഒന്നാം ധ്യാനം നടത്തുന്നതിന് തൃച്ചിനാപ്പള്ളിൽ നിന്നു ഫാദർ ശോസഭക്കാരനായ ബ. പ്രാൻസ് അച്ചൻ വരുന്നതാണ്. രണ്ടാം ധ്യാനം ക. ദി. മു. സ. ബ. കൊച്ചപ്രേം അച്ചനും, വാഴക്കുളത്തെ ധ്യാനം ക. ദി. മു. സ. ബ. ശെമയോൻസ്തോക്കച്ചനും നടത്തുന്നതാണ്. ഇതിൽ ഒരു സ്ഥലമൊ സമയമൊ മാറി കൂടണമെന്നു ആഗ്രഹിക്കുന്നവർ ഉടനെതന്നെ വിവരം എഴുതി അറിയിക്കേണ്ടതാകുന്നു. വാഴക്കുളത്തുവച്ചു നടത്തുന്ന ധ്യാനത്തിൽ ആലുവ ഡിവിഷനിലും മൈലക്കൊമ്പ് ഡിവിഷനിലും ഇപ്പോൾ താമസിക്കുന്ന ബ. പട്ടക്കാർ എപ്പോവരും പോയി കൂടിക്കൊള്ളണം. ഇവിടെവച്ചു നടത്തുന്ന ഒന്നാം ധ്യാനത്തിൽ കൂടേണ്ടവരുടെ പേരുവിവരം മറുവശത്തു ചേർത്തിട്ടുണ്ട്. രണ്ടാമത്തെ ധ്യാനത്തിൽ മറു പട്ടക്കാരെല്ലാവരും വന്നു കൂടിക്കൊള്ളണം.

ധ്യാനത്തിന്റെ ആരംഭത്തിൽതന്നെ ക്രമപ്രകാരം പരീക്ഷയുണ്ടാകും. പട്ടക്കാർ ധ്യാനത്തിനായി വരുമ്പോൾ പതിവുപോലെയുള്ള പരിശോധനയ്ക്കായി അവരുടെ കുമ്പാനക്കണക്ക്, മാമ്മോദീസാ, വിവാഹം, മരണം, ആത്മസ്ഥിതി ഇവയുടെ രജിസ്തുബുക്കുകൾ, മനസ്സാക്ഷിവിവരണക്കണക്ക് അച്ചടി ഫാറത്തിൽ എഴുതിയതും, ഇക്കഴിഞ്ഞ ഒരാണ്ടിനകത്ത് (൧൯൰൧ ആഗസ്ത് ൧ മുതൽ ഈ ആഗസ്ത് ൧ വരെ) ഇവിടെ എടുപ്പിച്ച നിത്യക്കുമ്പാന എത്രയെന്നും, കൈക്കുമ്പാന എത്രയെന്നും ഏതെല്ലാം തീയതികളിലാണ് എടുപ്പിച്ചതെന്നും ഉള്ള വിവരം കണക്കും ഹാജരാക്കണം.

എറണാകുളത്തരമനയിൽ ഒന്നാം ധ്യാനത്തിൽ ചേർന്ന

ബ. പട്ടക്കാരുടെ പേരുവിവരം.

1. എടഞ്ഞാർപള്ളി ബ. യാക്കോബ് ക.
2. എളങ്കുന്നപ്പുഴ ബ. പൌലോസ് ക.
3. കവലക്കാട്ട ബ. യൌസേപ്പു ക.
4. കണ്ടത്തിൽ ബ. യൌസേപ്പു ക.
5. കരിക്കൽ ബ. ശിവരുദീസ് ക.
6. കാക്കനാട്ട ബ. പൌലോസ് ക.
7. കുത്തിരുത്തിക്കൽ ബ. അബ്രാഹം ക.
8. കുന്നപ്പള്ളി ബ. തോമ്മാ ക.
9. കോട്ടർ ബ. കുറിയാക്കോസു ക.
10. കോഡിക്കര ബ. വേലുസ്സി ക.
11. കോയിക്കര ബ. യൌസേപ്പു ക.
12. ചക്കാല ബ. സ്കറിയാ ക.
13. ചിറമ്മേൽ ബ. യൌസേപ്പു ക.
14. ചിറയാത്തു ബ. ഫ്രാൻസിസ് ക.
15. ചെന്നക്കാടൻ ബ. ജരാർട്ട് ക.
16. തച്ചിൽ ബ. പൌലോസ് ക.
17. തയിൽ ബ. ശിവരുദീസ് ക.
18. തുരുത്തിയത്തു ബ. യൌസേപ്പു ക.
19. തുരുത്തിയത്തു ബ. സി. തോമ്മാ ക.
20. തുരുത്തു ബ. യോഹന്നാൻ ക.
21. തെക്കുംതല ബ കൊച്ചൌസേപ്പു ക.
22. നൽകര ബ. യൌസേപ്പു ക.
23. നടുവത്തുശ്ശേരി ബ. യാക്കോബ് ക.
24. പയ്യപ്പള്ളി ബ. കൊച്ചുവക്കി ക.
25. പയ്യപ്പള്ളി ബ. വരുദീസ് ക.
26. പയ്യപ്പള്ളി ബ. യൌസേപ്പു ക.
27. പയ്യപ്പള്ളി ബ. കുറിയാക്കോസ് ക.
28. പഞ്ഞിക്കാരൻ ബ. കുഞ്ഞുവേപ്പു ക.
(കൊങ്കമാലിവികാരി)
29. പഞ്ഞിക്കാരൻ ബ. കൊച്ചുവേപ്പു ക.
(എറണാകുളംവികാരി)
30. പണിക്കശ്ശേരി ബ. യോഹന്നാൻ ക.
31. പാണാട്ട ബ. തോമ്മാ ക.
32. പാറിക്കുടം ബ. ഇട്ടപ്പു ക.
33. പാറിക്കുടം ബ. ആന്ത്രയീനോസ് ക.
34. പുലരത്തുകൽ ബ. പൌലോസ് ക.
35. പുലാട്ടി ബ. ഉരുമീസ് ക.
36. പൂപ്പുറം ബ. പൌലോസ് ക.
37. പൂവേലിക്കൽ ബ. യൌസേപ്പു ക.
38. പൂതിശ്ശേരി ബ. അന്തോനി ക.
39. പൂതിശ്ശേരി ബ. ലൂയിസ് ക.
40. പൂത്തറിക്കൽ ബ. മത്തായി ക.
41. പൂലിയന്നൂരത്തി ബ. യൌസേപ്പു ക.
42. പേരേപ്പാടൻ ബ. ശിവരുദീസ് ക.
43. പൈനാടത്തു ബ. കൊച്ചൌസേപ്പു ക.
44. പൈനാടത്തു ബ. വറുദീസേപ്പു ക.
45. മണ്ണാർ ബ. ശിവരുദീസ് ക.
46. മഠിയാകോട്ട ബ. യോഹന്നാൻ ക.
47. മാങ്കിനാംപറമ്പിൽ ബ. യൌ. ക.
48. മാമ്പിള്ളി ബ. യൌസേപ്പു ക.
49. മൂഞ്ഞേലി ബ. തോമ്മാ ക.
50. വടശ്ശേരി ബ. ആന്ത്രയീനോസ് ക.
51. വട്ടോലി ബ. ഇട്ടപ്പു ക.
52. വാഴത്തറ ബ. യൌസേപ്പു ക.
53. വിതയത്തിൽ ബ. യോഹന്നാൻ ക.
54. വെട്ടിക്കാമുള്ളിൽബ. കുറിയാക്കോസുക.
55. വേഴപ്പറമ്പിൽ ബ. കൊച്ചൌസേപ്പു ക.

എന്നു എറണാകുളത്തുനിന്നും, ഫൻവറ അഗസ്സ് ഫ്രാൻസ്.

എറണാകുളം വികാരിഅപ്പസ്തോലിക്ക
കണ്ടത്തിൽ ആന്ത്രയീനോസ് മെത്രാൻ.

എറണാകുളം മിസ്സത്തിലെ
വേദപ്രചാരസംഘം.

:o:

പുതുപുസ്തകങ്ങൾ.

വേദപ്രചാരസംഘം സംബന്ധിച്ചു നമ്മുടെ എ. പെ. പെ. ബ. മെത്രാനച്ചൻ പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനവും വേദപ്രചാരസഭയുടെ നിശ്ചയങ്ങളും അടങ്ങിയ പുതുപുസ്തകങ്ങൾ പോരാ അടിച്ചിച്ചിരുന്നതു് എല്ലാ പള്ളികളിലേക്കും ഞങ്ങൾ അയച്ചുതന്നിട്ടുണ്ടല്ലൊ. ചില സ്ഥലങ്ങളിൽ അയച്ചതെല്ലാം വിറ്റു പണം ഞങ്ങൾക്കു എത്തിച്ചുതന്നിരിക്കുന്നു. ഇവ മുഴുവനും വിൽക്കാതെയിരിക്കുന്നസ്ഥലങ്ങൾ വളരെ ദുർലഭമാണെന്നു തോന്നുന്നു. ചില സ്ഥലങ്ങളിൽനിന്നും രണ്ടാംപ്രാവശ്യവും ആവശ്യപ്പെട്ടു, പുസ്തകങ്ങൾ ഞങ്ങളോടു വാങ്ങീട്ടുണ്ടു്. വേറെ ചില സ്ഥലങ്ങളിൽനിന്നും കൂടുതൽ പുസ്തകങ്ങൾ വേണമെന്നു എഴുതിച്ചോദിച്ചെങ്കിലും ഞങ്ങളുടെ പക്കൽ പുസ്തകങ്ങൾ ഇല്ലാത്തതിനാൽ കൊടുത്തയക്കാൻ സാധിച്ചിട്ടില്ല. പല പള്ളിയിലും ഇനിയും പുസ്തകങ്ങൾ ചിലവാക്കാതെ ഉണ്ടെങ്കിൽ അവിടെ ഒന്നുകൂടി ഉത്സാഹിച്ചിട്ടും ചിലവാകുന്നില്ലെന്നു കാണുന്നപക്ഷം ബാക്കിവരുന്നതു് ഞങ്ങൾക്കു മടക്കിഅയച്ചുതരുവാൻ അപേക്ഷ. ഇതിനു് ആവശ്യക്കാർ ധാരാളം ഉള്ള സ്ഥലങ്ങൾ ഉണ്ടു്. എന്നാൽ ഞങ്ങൾ വളരെ കുറച്ചു പ്രതികൾ മാത്രമെ ഓരോ പള്ളികളിലേക്കും അയച്ചിട്ടുള്ളൂ. അതിൽ അടങ്ങീരിക്കുന്ന സംഗതികൾ എല്ലാ ഇടവകയിലും ഉള്ളവർ നല്ലപോലെ അറിഞ്ഞിരിക്കേണ്ടതാകയാൽ പ്രത്യേകം താല്പര്യമുള്ള ഇടവകകളിൽ ധാരാളമായി ചിലവാക്കുകയും മറ്റു ചില ഇടവകകളിൽ ഒട്ടും പ്രചരിപ്പിക്കാതിരിക്കുകയും ചെയ്യുന്നതു് നന്നല്ലല്ലൊ. അതുകൊണ്ടു് നിവൃത്തിയുണ്ടെങ്കിൽ ഈ പുസ്തകങ്ങൾ അയച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽതന്നെ വിൽക്കുന്നതായിരിക്കും ഉത്തമമായിട്ടുള്ളതു്. പുസ്തകങ്ങളുടെ വില ഉടനെ അയച്ചുതരുവാൻ ബ. വികാരി അച്ചന്മാർ താല്പര്യപ്പെടണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

പുതിയ ശാഖാസഭകൾ.

ഞങ്ങൾ കഴിഞ്ഞ റിപ്പോർട്ടു് എഴുതുമ്പോൾ 8 പള്ളികളിൽ ശാഖാസഭകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു അന്നു എറണാകുളം മിസ്സത്തിൽ നൂറു പള്ളികളിൽകൂടി ശാഖാസഭകൾ സ്ഥാപിക്കേണ്ടതുണ്ടായിരുന്നു. ഇതിൽ പതെത്തെണ്ണത്തിൽ ശാഖാസഭകൾ ഏർപ്പെടുത്തിയിരിക്കുന്നു എന്നുള്ളതു എല്ലാവരും സന്തോഷത്തോടുകൂടി പറഞ്ഞുകൊള്ളട്ടെ. അവയുടെ പേ

ങ്ങൾ താഴെ ചേർക്കുന്നതാണ്:— വെ. കടവൂർ തെൻ. കൊറമത്തി
ന്യാ. കല്ലുക്കാട്ട ന്യഫ. കരിമണ്ണൂർ ന്യവ. നെയ്യശ്ശേരി ന്യസ. കിട
ങ്ങൂർ ന്യഴ. വാഴക്കുളം ന്യടി. തോട്ടക്കര ന്യന്യ. കലൂർ ന്യഴ. മ
യിലക്കൊമ്പ് ഇവകളാകുന്നു. ഇനി ശാഖാസഭകൾ ഏർപ്പെടുത്താത്തതാ
യി ഉൺ പള്ളികൾ മാത്രമെയുള്ളൂ. എന്നാൽ ഇതിൽതന്നെ മൂന്നു നാലു
സ്ഥലങ്ങളിൽ ശാഖാസഭകൾ രൂപീകരിച്ചിട്ടുണ്ടെന്നു ഞങ്ങൾ കേൾക്കുന്നു
ണ്ടെങ്കിലും ആ സ്ഥലങ്ങളിൽനിന്നു നേരിട്ടു ഞങ്ങൾക്കു അറിവു വന്നിട്ടില്ലാ
ത്തതിനാൽ മുൻപറഞ്ഞിരിക്കുന്ന കണക്കിൽ ചേർത്തിട്ടില്ല. വേദപ്രചാര
സഭ എറണാകുളം മിസ്സനിൽ സ്ഥാപിച്ചിട്ടു ആണ്ടുതികയുന്നതിനു മുമ്പായി
ഈ മിസ്സനിലുള്ള എല്ലാ ഇടവകകളിലും ശാഖാസഭകൾ സ്ഥാപിക്കുമെന്നു
തന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. എങ്ങിനെയായാലും ആണ്ടുതികയുമ്പോ
ൾ ശാഖാസഭകൾ സ്ഥാപിക്കാത്തപള്ളികൾ നാലഞ്ചെണ്ണത്തിൽ അധികം
കാണുകയില്ല. ഈ നാലഞ്ചെണ്ണത്തിൽ ഒന്നായിവരുന്നതിനു നിവൃത്തിയു
ണ്ടെങ്കിൽ ആരും സമ്മതിക്കയില്ലെന്നു ഞങ്ങൾക്കു നിശ്ചയമുള്ളതുകൊണ്ടാ
ണ് എല്ലാ ഇടവകകളിലും ശാഖാസഭയുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കു
ന്നതു. വേദപ്രചാരത്തെപ്പറ്റിയുള്ള എ. പെ. പെ. ബ. മെത്രാനച്ചന്റെ
ഇടയലേഖനം പുറത്തുവന്നതു ഫെബ്രുവരി ഒക്ടോബർ മാസം-ാം-ൽ-യാണ്. അതു
കൊണ്ടു് ആണ്ടുതികയുന്നതിനു് ഇനി കഷ്ടിച്ചു രണ്ടുമാസം മാത്രമെയുള്ളു
എന്നുള്ള സംഗതി ശാഖാസഭ ഏർപ്പെടുത്താത്ത സ്ഥലങ്ങളിൽ ഉള്ളവർ
പ്രത്യേകം ഓർക്കുമല്ലൊ.

ഞായറാഴ്ചപിരിവു്

കഴിഞ്ഞ റിപ്പോർട്ടിൽ ഞായറാഴ്ചപിരിവു് തുടങ്ങിയിട്ടുള്ള പഠപള്ളിക
ളുടെ പേരുകൾ ഞങ്ങൾ ചേർത്തിരുന്നു. അതിനു ശേഷം പഫ. കടവൂർ
പവ. കല്ലുക്കാട്ട പസ. കാവിൽ പഴ. വാഴക്കുളം പടി. തോട്ടക്കര
പന്യ. മയിലക്കൊമ്പ് എന്നീ പള്ളികളിലും ഞായറാഴ്ചപിരിവു് തുടങ്ങിയി
ട്ടുള്ളതായി ഞങ്ങൾക്കു അറിവു തന്നിട്ടുണ്ടു. കൊറമത്തിലും ഉടനെ ഞാ
റാഴ്ചപിരിവു തുടങ്ങുന്നതാണെന്നു അവിടത്തെ ബ. വികാരിഅച്ചൻ ഞങ്ങൾ
ക്കു എഴുതീട്ടിരുന്നു. മയിലക്കൊമ്പിൽ ആറു ഞായറാഴ്ചകളിൽക്കൂടി സ്വ. കു. ര
ച. വ്യ. പിരിവുണ്ടായിരുന്നു. നാഗമ്പടം ആദ്യത്തെഞായറാഴ്ചപിരിവു് ഫ
ബ്രുവ ച. ര കു. ആയിരുന്നു. കാവിൽനിന്നുവന്ന ബ. വികാരിഅച്ചന്റെ എ
ഴുത്തിൽ ഞായറാഴ്ചപിരിവിനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: «ഞായറാഴ്ച
പിരിവിന്റെഫലം എന്റെ പ്രതീക്ഷയിൽ കവിഞ്ഞതായി കണ്ടതിലുള്ള
സന്തോഷം ആദ്യമായിത്തന്നെ പറഞ്ഞുകൊള്ളട്ടെ» കഴിഞ്ഞതിന്റെമുമ്പി

ചെത്ത ഞായറാഴ്ച ഫ്ര¼ ചക്രവും കഴിഞ്ഞ ഞായറാഴ്ച ഫ്ര½ ചക്രവും പിരിഞ്ഞുകിട്ടി. ഇതിൽ കൂട്ടുകയല്ലാതെ കുറയുമെന്നു വിചാരിക്കാൻ പാടില്ലാഴ.

സാക്ഷിപത്രങ്ങൾ കൊടുത്ത അംഗങ്ങൾ.

രണ്ടു മാസത്തെയെങ്കിലും പണം അടച്ചവർക്കു മാത്രമെ ഇവിടെനിന്നും സാക്ഷിപത്രങ്ങൾ അയച്ചു കൊടുക്കുന്നുള്ളൂ. ഇങ്ങിനെ സാക്ഷിപത്രങ്ങൾ അയച്ചുകൊടുത്തവരുടെ കണക്കു ഞങ്ങൾ കഴിഞ്ഞ റിപ്പോർട്ടിൽ ചേർത്തിരുന്നു. അതിനു ശേഷം സാക്ഷിപത്രങ്ങൾ കൊടുത്തിട്ടുള്ളവരിൻറെ കണക്കു താഴെ കാണിച്ചിരിക്കുന്നു കഴിഞ്ഞ റിപ്പോർട്ടിൽ വന്ന പള്ളികളിലായിരുന്ന പ്രത്യേകസാമാജികന്മാർക്കും വർഷം സാമാജികന്മാർക്കും സാക്ഷിപത്രങ്ങൾ ഞങ്ങൾ അയച്ചുകൊടുത്തു. അതിനു ശേഷം:

പള്ളി	പ്രത്യേകസാമാജികന്മാർ	സാമാജികന്മാർ
൧. കടവൂർ		൪൪
൨. കുളക്കാട്ട്	൧	൪൧
൩. മേലൂർ	൧	൩൦
൪. കല്ലൂർ	൧	൪൦
൫. കോന്നൂരുങ്കി	൧	൧൯
൬. വൈക്കം	൪	൧൬൯
൭. കുന്നംപുറം	൧	൩൧
൮. തുപ്പുണിത്തുറ		൧൯൪
൯. കാട്ടകുറശി		൪൦
൧൦. നെയിച്ചേരി	൧	൩൯
൧൧. മൈലക്കൊമ്പു്		൨൩
൧൨. കരിമണ്ണൂർ		൨൦
൧൩. മുവാറ്റുപുഴ		൩൫

താഴെ കാണിച്ചിരിക്കുന്ന പള്ളികളിൽനിന്നും പണം രണ്ടാമതും അയച്ചു പൂരിയ സാക്ഷിപത്രങ്ങൾ വാങ്ങിച്ചിരിക്കുന്നു:

൧. എറണാകുളം	൭
൨. കുറിപ്പുഴ	൧൨
൩. വടുകം	൧൨
൪. പെരുമ്പാഴ	൧൨
൫. പുതിയകാവു്	൧
൬. കാഞ്ഞിൽ	൩
ആകെ	൭൨

കഴിഞ്ഞ റിപ്പോർട്ട്പ്രകാരം ൫൫ വൻപഴ
ഇതേവരെ ആകെ ൬൦ നന്മപ്പഴ

അംഗങ്ങളിൽനിന്നുള്ള സഹായധനം.

കഴിഞ്ഞ റിപ്പോർട്ടിനുശേഷം ഇവിടെ വന്നിട്ടുള്ള പണത്തിന്റെ കണക്ക്:

	ക.	ണ.	സ.
കുന്നമ്പുറത്തുപള്ളി	4	3	0
കുഴപ്പിള്ളിയിൽനിന്നു ശാശ്വതസാമാജികൻ	10	0	0
കാവിപള്ളി	3	0	0
കാഞ്ഞൂർപള്ളി	7	10	7
കോതമംഗലംപള്ളി (ഒരു വൈദികൻ)	10	0	0
വല്ലകത്തുപള്ളി	4	13	0
കുറിപ്പുഴപള്ളി	5	13	6
ഒഴകെപള്ളി	1	13	0
കല്ലുക്കോട്ടപള്ളി	6	13	5
പെരിങ്ങൊഴപള്ളി	6	7	0
കടവൂർപള്ളി	6	14	3
മേലൂർപള്ളി	9	15	10
പുതിയകാവുപള്ളി	1	0	0
പീറാണാകുളത്തുപള്ളി	23	13	5
കുപ്പുണിത്തുറപള്ളി	8	6	0
ഒരു വൈദികൻ ദാനം	2	0	0
നെയ്ശ്ശേരിപള്ളി	4	6	0
മാനംപാടി പുത്തൻപള്ളി പള്ളി	5	0	0
മൈലക്കൊമ്പുപള്ളി	12	6	0
കാട്ടുകുറിപള്ളി	2	0	0
കരിമണ്ണൂർപള്ളി	2	2	0
മൂവാറ്റുപുഴപള്ളി	3	12	0
കുമ്പളത്തുപള്ളി (ഒരു വൈദികൻ ക. ൫)	6	6	10
വല്ലത്തുപള്ളി	21	0	3

N. B. കുത്തുതോട്ടു പഴയപള്ളിയിൽനിന്നും വന്ന സംഖ്യ, കഴിഞ്ഞ റിപ്പോർട്ടിൽ 4-10-6 എന്നു പിശകായി അടിച്ചുതാണ്. അവിടെ നിന്നും അയച്ചതു 15-4-7-ാകുന്നു.

മനോസന്തരം.

കഴിഞ്ഞ റിപ്പോർട്ടിനുശേഷം ഞങ്ങൾക്കു അറിവായിട്ടുള്ള മനസ്സാ

ന്നതുകൊണ്ടാണ് ഇവിടെ പറയാനുള്ളത്. ഈ സംഗതിയിൽ നമ്മുടെ ജനങ്ങളുടെ ഇടയിൽ ഉത്സാഹം വർദ്ധിച്ചുവരുന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളും കാണുന്നുണ്ട്. പുത്തൻപള്ളിയിൽ ഒരു ഈഴവസ്ത്രീയോടു കൂടി ഒരു പുറജാതിക്കാർ മാമ്മോദീസാമുങ്ങിയിരിക്കുന്നു. കാവിൽനിന്നും വന്ന ഒരു എഴുത്തിൽ രണ്ടു പുലയക്കുട്ടികളും ഒരു പാണ്ടിയുടെ കുടുംബം മുഴുവനും അടുത്ത ശനിയാഴ്ച ജ്ഞാനസ്നാനപ്പെടുന്നതിനു പരിചുവരുന്നു എന്നു കാണുന്നു. വല്ലം പള്ളിയിലെ ബ. വികാരിയച്ചന്റെ എഴുത്തിൽനിന്നും ഒരുഭാഗം ഇവിടെ ഉദ്ധരിക്കാം. "എല്ലാവരുടെയും അപേക്ഷയുടെ ഫലമായി ഈ ഇടവകയിൽപെട്ട അയ്മുറിക്കാരൻ മക്കളും മക്കളുടെ മക്കളുമായി ഇരുപതോളം അംഗങ്ങളുള്ള ഒരു പുലയകുടുംബത്തിന്റെ തലവൻ ഇന്നലെ ജ്ഞാനസ്നാനം കൈക്കൊള്ളുകയും അപ്രേൻ എന്ന പേരെടുക്കുകയും ചെയ്തിരിക്കുന്നു. ഇയ്യാൾക്കു വ്യം വയസ്സുണ്ട്. തദവസരത്തിൽ അനേകം ക്രിസ്ത്യാനികൾ കൂടിയിരുന്നതിനും പുറമെ ഗാൽ അധികം പുലയാംഗങ്ങളുണ്ടായിരുന്നു. അവരോടെല്ലാം ഞങ്ങൾ പ്രത്യേകം ഉപദേശിച്ചിട്ടുണ്ട്. മാനസാന്തരപ്പെടണമെന്നുള്ള ആഗ്രഹവും അവരിൽ കാരേഴ്ശ്ശ കടന്നുകൂടിയിട്ടുള്ളതുപോലെ തോന്നുന്നു." കല്ലുക്കാട്ടനിന്നും കിട്ടിയ ഒരെഴുത്തിൽ അവിടെ പന്ത്രണ്ടുപേർ ജ്ഞാനസ്നാനം കൈക്കൊണ്ടു എന്നും ഇനിയും പലർ ഒന്നാകെ നമ്മുടെ സഭയിലേക്കു ചേരാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും കാണുന്നുണ്ട്. നാഗപ്പുഴ ഈയിട പേർ മാനസാന്തരപ്പെട്ടു. അവിടെ തന്നെ ആറംഗങ്ങളുള്ള ഒരു കുടുംബം വേദോപദേശം പഠിച്ചുവരുന്നു. ഇതിനു മുമ്പിൽ ചിലപ്പോൾ ഉറുപ്പിക ചിലവു വന്നിട്ടുള്ളതിൽ ൻ ഉറുപ്പിക കഴിച്ചു ബാക്കി മുഴുവനും അവിടുത്തെ ബ. വികാരിയച്ചന്റെ കയ്യിൽനിന്നാണെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണല്ലൊ. കല്ലൂരിൽ ഈ ജനുവരി മുതൽ വ്യ പുലയരും ഫ ഈഴവനും മാമ്മോദീസാമുങ്ങിയിട്ടുണ്ട്. ഇവിടെത്തന്നെ ഇപ്പോൾ പുലയർ നമസ്കാരംപഠിച്ചുവരുന്നുമുണ്ട്. മലയാറ്റൂർ ഫ പേർ മാനസാന്തരപ്പെട്ടു. ഇതിനുവേണ്ടി വന്ന സകല ചിലവും പള്ളിയിൽനിന്നുമാണ് വഹിച്ചുതെന്നറിയുമ്പോൾ മലയാറ്റൂർപള്ളിക്കാരെ ആരാണ് അഭിനന്ദിക്കാതിരിക്കുന്നതു്. ഇമ്മാതിരി ധാരാളം സന്തോഷമുള്ള പള്ളിക്കാർ വേദപ്രചാരവേലക്കുവേണ്ടി ധനസഹായം ചെയ്യുന്നുടങ്ങിട്ടുള്ളതു ഏറ്റവും ശ്ലാഘ്യമായ ഒരു സംഗതിയാണല്ലൊ. കടവൂർ തീയർ ഫ പുലയർ മാനസാന്തരപ്പെട്ടു. ഇവരെക്കൂടാതെ തീയർക്കോമ്പായ സഭാംഗങ്ങളും നമ്മുടെ സത്യതിരുസഭയിലേക്കു കീഴ്ഴങ്ങീട്ടുണ്ട്. മൂവാറ്റുപുഴ ഫ പുലയർ മാനസാന്തരപ്പെട്ടു. ഇതിലേക്കു വേണ്ടിവന്ന ചിലവിൽ ഫ ഉറുപ്പിക അന്നു അവിടെ വികാരിയായിരുന്ന പ്ലാ

തോട്ടത്തിൽ ബ. കുഞ്ഞച്ചന്റെ കയ്യിൽനിന്നുമാണ് കൊടുത്തത്. ആ ങ്ങാട്ടുപള്ളിയുടെ മിലവിനേൽ ആ ഇടവകാതുത്തിയിൽ പുലയക്കുവേണ്ടി രു സ്കൂളുകൾ സ്ഥാപിക്കണമെന്നാണല്ലോ നിശ്ചയിച്ചിരുന്നതു്. രണ്ടാഴ്ച ക്കു മുമ്പു അവിടത്തെ ബ. വികാരിയച്ചന്റെ ഒരെഴുത്തു ഞങ്ങൾക്കു വന്നിരുന്നു. അതിൽ കോട്ടപ്പുറത്തെ സ്കൂൾ നടപ്പിൽ വന്നു എന്നും അതിൽ പുലയക്കുട്ടികൾ ചേരുന്നു പാടില്ലെന്നും രണ്ടാമത്തെ സ്കൂളും അച്ചൻ എഴുതിയ തിയ്യതി കഴിഞ്ഞു് അടഞ്ഞുവരുന്നു തിക്കളാഴ്ച നടപ്പിൽ വരുമെന്നും ഒരു പുലക്കുട്ടി മാത്രമേ ചീനാ മുതലിയെന്നും മറ്റു മുള്ള സഹോദരവർഗ്ഗമാനങ്ങൾ അടഞ്ഞിരുന്നു ആലങ്ങാട്ടുകാർ കാണിച്ചു കൊടുത്ത ദ്രോഹം മറ്റു സ്ഥലങ്ങളിലും അനുകരിച്ചു തുടങ്ങീട്ടുണ്ടു. കണക്കു പൂർത്തിവരുത്തുകയിലും പുലയരുടെ ഉപയോഗത്തിനായി ഒരു സ്കൂൾ സ്ഥാപിക്കുന്നതിനു വേണ്ട ആലോചനകൾ ദിനംതോറും നടന്നുവരുന്നു. കോതമംഗലത്തുനിന്നും ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ എപ്പോഴും ഏറ്റവും രസകരവും ആശ്വാസപ്രദവുമത്രെ. ഉത്തരത്തെ അവിടത്തെ ബ. വികാരിയച്ചനിൽ നിന്നും ശാഖാസംഘത്തിലെ സിക്രട്ടരിൽനിന്നും ഞങ്ങൾക്കു കിട്ടിയ എഴുത്തുകൾകൊണ്ടും വേലപ്പോരാവേലയിൽ ആകപ്പാടി കൾ എത്രത്തോളം താല്പര്യമുള്ളവരാണെന്നുകാണാം. മറ്റുള്ള എല്ലാ ഇടക്കുക്കാരും ഇവരെപ്പോലെതന്നെ പരിശ്രമിച്ചിരുന്നെങ്കിൽ വേലപ്പോരാവേല എത്രമേൽ വിജയകരമാകുമായിരുന്നു. എന്നാൽ ചില പള്ളികളിൽ ഇതേവരെയായിട്ടും ശാഖാസഭകൾകൂടി സ്ഥാപിതമായിട്ടില്ലെങ്കിലോ ഒക്കുമ്പോൾ ആക്കാണ് കുറ്റിതം തോന്നുന്നതു. കഴിഞ്ഞ പൊന്നുസ്വാമിദിവസത്തിൽ കോതമംഗലത്തെ ശാഖാസഭയുടെ ഒരു അസാധാരണയോഗം തിരുവിതാംകൂർ നിയമനിർമ്മാണസഭാ സാമാജികൻ ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ അവർകളുടെ അദ്ധ്യക്ഷതയിൻകീഴ് കൂടുകയുണ്ടായി. അദ്ധ്യക്ഷന്റെ ഉപന്യാസത്തിന്റെശേഷം യോഗത്തിൽപലതും സംഘത്തിന്റെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചു പ്രസംഗിച്ചു, പുലയർ, പറയർ, മലായ അന്യമതസ്ഥരോടു ഉപദേശിക്കുന്നതിനായി എല്ലാ ഞായറാഴ്ചകളിലും കടമുള്ള തിരുനാൾകളിലും ബ. അച്ചന്മാരും ഇടവകക്കാർ മാറിമാറിയും ചെന്നിച്ചേർന്നു ഇടവകയുടെ നാനാഭാഗങ്ങളിലും മൂവിനടന്നു ഉപദേശിക്കണമെന്നു ഒരുനിശ്ചയം സഭയിൽപാസാക്കി. അനന്തരം ബ. വികാരി അച്ചനും അദ്ധ്യാപകൻ അവർകളും മറ്റുപല മാന്യന്മാരും വിദ്യാഭ്യാസക്കുമ്പാനയുടെ മുമ്പാകെ പോയി പ്രാർത്ഥിക്കയും വിദ്യാഭ്യാസതോമാഴ്ചീഷായുടെയും മാർശ്ലീയ്യർപുണ്യവാളന്റെയും സഹായം അപേക്ഷിക്കയും ചെയ്തുകൊണ്ടു ഉപദേശത്തിനായി പുറപ്പെട്ടു. ഉപദേശിച്ചതിൽ ഓർമ്മിപ്പാനേറെ ജനാ

നസ്സാനപ്പെട്ടുന്നതിനു വാശാനം ചെയ്തിരിക്കുന്നു ശാഖാസംഘം ഇവിടെ രൂപീകരിച്ചതിൻറശേഷം ഒരു പേർ മാമ്മോദീസാമുങ്ങിയിട്ടുണ്ടു. ജ്ഞാനസ്നാനപ്പെട്ടുന്നതിനായി പന്ത്രണ്ടു പേർ പഠിച്ചുവരികയും ചെയ്യുന്നു. ശാഖാസഭയുടെ അംഗങ്ങളായി നാൽപേർ ചേർന്നിട്ടുണ്ടു. അംഗങ്ങളുടെ സഹായധനവും ഞായറാഴ്ച പിരിവുംകൂടാതെ വിശുദ്ധ അന്തോനീസുപുണ്യവാൻറെ കപ്പേളയിൽനിന്നു മാസംതോറും പത്തുറുപ്പികയും ഈവക ചിലവുകൾക്കായി കിട്ടിവരുന്നുണ്ടു. സഭാംഗങ്ങൾ മരിക്കുമ്പോൾ പകയിൽകുറയാത്ത ഒരു സംഖ്യ സഭയിലേക്കു തന്നുവരുന്നു. താമസിച്ചുപഠിക്കുന്നവരുടെ ചിലവിനായി പൊതുസമ്മതപ്രകാരം പള്ളിയിൽനിന്നു അരികൊടുക്കയും ചെയ്യുന്നുണ്ടു. മിസ്റ്റർ തരിയൻ കുഞ്ഞിത്തൊമ്മൻ ഒരു വാഗ്ദത്തഭൂമിയിലേക്കു പകവീതം മാസംതോറും തന്നുപോരുന്നു. സംഘംവകയായി പുലയരുടെയും മറ്റും പഠിനത്തിനുവേണ്ടി ഒരു നിശാപാഠശാലയും അവിടെ ഏർപ്പെടുത്തി കഴിഞ്ഞും ദിവ്യശ്രീ പഞ്ഞിക്കാരൻ സി. ജൊസഫ് അച്ചൻ എം. എ. അവർകൾ മാനസാന്തരജോലിക്കായി കുത്തിയതോട്ടിലും എഴുപുന്നയിലും പോയിതാമസിച്ചുപ്രസംഗങ്ങളും ഉപദേശങ്ങളും നടത്തി. അതിൻറെ ഫലമായി എഴുപുന്നയിൽ കുറെപേർ നമസ്കാരം പഠിച്ചുവരുന്നു. കുത്തിയതോട്ടിലും കുറച്ചുപേർ മാനസാന്തരപ്പെടുന്നതിനു ഒരുമ്പെട്ടുള്ളതായും കേൾക്കുന്നുണ്ടു. ഈ രണ്ടുസ്ഥലത്തുമുള്ള പ്രബലന്മാരായ ജനങ്ങൾ അദ്ദേഹത്തിനു ഇക്കാര്യത്തിൽ വേണ്ടുന്നതാശകളും സഹായങ്ങളും ചെയ്തുകൊടുത്തു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു. ഇവർ ഇതിലേക്കു തങ്ങളാൽപാടുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊള്ളാമെന്നു വാശാനം ചെയ്തിട്ടുള്ളതിനാൽ ഈഭാഗങ്ങളിൽ വേദപ്രചാരവേല ഭംഗിയായി നടക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ചില സംഭാവനകൾ.

ഒരു ബ. വൈദികൻ ഏകവേദപ്രചാരസഭയിലേക്കു സംഭാവനചെയ്തിട്ടുണ്ടു. മറെറാരു ബ. വൈദികൻ ഒരു തരാമെന്നു പറകയും അതിൽ ഒരുഭാഗം ഉടനെ തരികയുംചെയ്തു. ഇവരുടെ രണ്ടുപേരുടെയും പേരുകൾ പ്രസിദ്ധംചെയ്യുന്നതിനു ഞങ്ങൾക്കു വളരെ താല്പര്യമുണ്ടെങ്കിലും അതിനു അവർ സമ്മതിച്ചിട്ടില്ലാഞ്ഞതിനാൽ നിവൃത്തിയില്ല. വേദപ്രചാരസഭ ആരംഭിച്ചതിനുശേഷം ഇതു സംബന്ധിച്ചുള്ള ജോലികൾക്കായി കടവിൽ ബ. മത്തായിഅച്ചൻറെ പക്കൽനിന്നും ഒരു കയോളം ചിലവായിട്ടുണ്ടെന്നു ഞങ്ങൾ വളരെ സന്തോഷത്തോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

വേദപ്രചാരസംഘം സെക്രട്ടറിമാർ.

വിസീത്ത പ്രോഗ്രാം.

——:o:——

൧൯൨൨ ആഗസ്റ്റ് ൧൨-ാംനു- വെള്ളിയാഴ്ച വൈകുന്നേരം ൪ മണിക്കു പി
ള്ളി.പ്പുറത്തുപള്ളി.

» » ൧൩-ാംനു- എറണാകുളത്തു മടങ്ങി എത്തും.

» » ൧൪-ാംനു- വൈകുന്നേരം ൪ മണിക്കു പൂണിത്തുറപള്ള

» » ൧൫-ാംനു- ടി. ടി. പുതിയകാവുപള്ളി.

» ഒസംബർ ൧-ാംനു- ടി. ടി. ഉദിയമ്പേരൂർപഴയപള്ളി

» » ൨-ാംനു- ടി. ടി. കണ്ടനാട്ടു പള്ളി.

» » ൩-ാംനു- എറണാകുളത്തു മടങ്ങി എത്തും.



സ്ഥലംമാറ്റങ്ങൾ.

——:o:——

൧൯൧൯-൨൦ ൧൯൨൨. (പൂത്തോട്ട) പഞ്ഞിക്കാരൻ ബ. കുഞ്ഞവുസേപ്പു ക.
കോക്കമംഗലത്തു പള്ളിയുടെയും,

» ചിറത്തായിത്തു ബ. പ്രാൻസിസ്സ്കോസു ക. കുലശേഖര
മങ്ങലത്തു പള്ളിയുടെയും,

൧൯൨൦-൨൧ ൧൯൨൨. പ്ലാത്തോട്ടത്തിൽ ബ. കുഞ്ഞൻ ക. ആയനപള്ളിയുടെയും,

» വലിയവീട്ടിൽ ബ. യൌസേപ്പു ക. കലൂർ പള്ളിയുടെ
യും,

» മാതേക്കൽ ബ. യൌസേപ്പു ക. മൂവാറ്റുപുഴ പള്ളിയു
ടെയും വികാരിമാരായി നിയമിക്കപ്പെട്ടിരിക്കുന്നു.



PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM

